മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്

206(2675) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്, ഇടമലയാർ പ്രോജക്ട് എന്നിവ നടപ്പു സാമ്പത്തിക വർഷം തന്നെ കമ്മീഷൻ ചെയ്യാൻ നടപടി എടുക്കുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു;

(സി) പ്രസ്തുത വർഷം ഇതിൽ നിന്നും ഏതെല്ലാം പ്രവർത്തിക്കായി എത്ര തുകയാണ് ചെലവഴിച്ചത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷം മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി അഞ്ചുകോടി രൂപയും ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലിന്റെയും ലോ ലെവൽ കനാലിന്റെയും വിവിധ പണികൾക്കും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ആകെ 13.1 കോടി (6.40 കോടി രൂപ വർക്കുകൾക്കും 6.7 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റിനും) രൂപയും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നിർമ്മാണത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ആകെ 17.85 കോടി (6.43 കോടി രൂപ വർക്കിനും 11.42 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റിനും) രൂപയും ചെലവാക്കി.

(ഡി) ഇടമലയാർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ (32.278 കി.മീ.) പൂർണ്ണമായും പണി പൂർത്തിയാക്കുകയും 2013-14, 2014-15 എന്നീ വർഷങ്ങളിൽ ടെസ്റ്റ് റൺ നടത്തുകയും ലോ ലെവൽ കനാൽ ചെയിനേജ്

LIBRARY ARCHIVES Kerala Legislative Assembly

27.25 കി.മീ. വരെയുള്ളതിൽ സ്ഥലം ഏറ്റെടുത്ത 15 കി.മീ. വരെയുള്ള ചെയിനേജിൽ 7.30 കി.മീ. വരെയുള്ള കനാലിന്റെ എല്ലാ പണികളും പൂർത്തീകരിച്ച് 2014-15 വർഷത്തിൽ 7.3 കി.മീ. വരെ വെള്ളം ഇറന്നുവിട്ടുമാണ്. ബാക്കി ചെയിനേജ് 7.30 കി.മീ. മുതൽ 15 കി.മീ. വരെയുള്ള ഭാഗത്ത് 4 പണികൾ പൂർത്തീകരിക്കാനുണ്ട്. ലിങ്ക് കനാൽ ചെയിനേജ് 2 കി.മീ. വരെ 2 പ്രവൃത്തികൾ ഒഴികെ ബാക്കി പണികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ 65.473 കി.മീ. മെയിൻ കനാലിന്റെ 100% പണികളും 57.154 കി.മീ. ബ്രാഞ്ച് കനാലുകളുടെ 54.645 കി.മീ. നീളം (96%) പണികളും 218 കി.മീ. ഡിസ്ട്രിബ്യൂട്ടറികളുടെ 190.5 കി.മീ. നീളം (87%) പണികളും പൂർത്തിയാക്കിയിട്ടുണ്ട്.

പുളിക്കാൽ ക്രോസ് ബാർ-കം-ബ്രിഡ്ജ്

207(2676) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ് ബാർ കം ബ്രിഡ്ജ് അപകടാവസ്ഥയിലാണെന്ന കാര്യവും, ക്രോസ് ബാർ ചോർച്ചയുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി

208(2677) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ എപ്പോൾ സാധിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly